ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

DATE: 18.09.2026 TIME : 07.25 PM

## പ്രധാന വാർത്തകൾ

1. സമാധാനം, സുരക്ഷ, സ്ഥിരത എന്നിവ പ്രോത്സാഹിപ്പിക്കുന്നതിനുള്ള ശ്രമങ്ങളിൽ തുടർ സഹകരണവും ഏകോപനവും ഉറപ്പാക്കുമെന്ന് ഇന്ത്യയും യു എ ഇയും. പ്രധാനമന്ത്രി നരേന്ദ്ര മോദിയും യുഎഇപ്രസിഡന്റുംടെലഫോൺ സംഭാഷണം നടത്തി.

   India and the UAE have pledged to ensure continued cooperation and coordination in efforts to promote peace, security, and stability. Prime Minister Narendra Modi and the President of the UAE held a telephone conversation.

2. പരിസ്ഥിതിയുടെയും കാലാവസ്ഥാ വ്യതിയാനങ്ങളുടെയും ഭാവി' എന്ന വിഷയത്തിലെ അന്താരാഷ്ട്ര സമ്മേളനം പ്രധാനമന്ത്രി നാളെ ന്യൂഡൽഹിയിൽ ഉദ്ഘാടനം ചെയ്യും.

   The Prime Minister will inaugurate an international conference on the theme 'The Future of the Environment and Climate Change' in New Delhi tomorrow.

3. റോസ്ഗർ മേളയിൽ 51,000-ത്തിലധികം നിയമന ഉത്തരവുകൾ പ്രധാനമന്ത്രി നാളെ വിതരണം ചെയ്യും. കേന്ദ്രസഹമന്ത്രിമാരായ സുരേഷ് ഗോപിയും, ജയന്ത് ചൗധരിയും കൊച്ചിയിൽ പരിപാടിയുടെഭാഗമാകും.

   The Prime Minister will distribute over 51,000 appointment letters at the Rozgar Mela tomorrow. Union Ministers of State Suresh Gopi and Jayant Chaudhary will participate in the event in Kochi.

4. രാജ്യത്തിന്റെ സാംസ്കാരിക പൈതൃകത്തിലും വികസന യാത്രയിലും കേരളം നിർണായക പങ്കു വഹിച്ചതായി രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിങ്

   Defence Minister Rajnath Singh stated that Kerala has played a pivotal role in the country's cultural heritage and developmental journey.

5. സ്വച്ഛ് സാഗർ സുരക്ഷിത് സാഗർ കാമ്പെയ്ന്റെ ഭാഗമായി നാളെ രാജ്യവ്യാപകമായി കടൽത്തീരങ്ങൾശുചീകരിക്കും.പുതുവൈപ്പിനിൽ ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ,മുഖ്യമന്ത്രി വി ഡി സതീശൻ തുടങ്ങിയവർ പങ്കെടുക്കും.

   As part of the 'Swachh Sagar, Surakshit Sagar' campaign, beaches across the country will be cleaned tomorrow. Governor Rajendra Vishwanath Arlekar, Chief Minister V.D. Satheesan, and others will participate in the event at Puthuvype.

6. ഗെയിംസിന് നാളെ ജപ്പാനിൽഔദ്യോഗിക തുടക്കം. മനു ഭാക്കറും തജീന്ദർപാൽ സിംഗ് ടൂറും ഇന്ത്യൻ പതാകയേന്തും.

   The Asian Games officially begin in Japan tomorrow. Manu Bhaker and Tajinderpal Singh Toor will carry the Indian flag.

************************

## PM-UAE PREZ

സമാധാനം, സുരക്ഷ, സ്ഥിരത എന്നിവ പ്രോത്സാഹിപ്പിക്കുന്നതിനുള്ള ശ്രമങ്ങളിൽ തുടർ സഹകരണവും ഏകോപനവും ഉറപ്പാക്കുമെന്ന് ഇന്ത്യയും യുഎഇയും. യുഎഇ പ്രസിഡന്റ് ഷെയ്ഖ് മുഹമ്മദ് ബിൻ സായിദ് അൽ നഹ്യാൻ പ്രധാനമന്ത്രി നരേന്ദ്ര മോദിയെ ഫോണിൽ വിളിച്ച് നടത്തിയ സംഭാഷണത്തിൽ പശ്ചിമേഷ്യയിലെ സാഹചര്യങ്ങളെക്കുറിച്ച് ഇരു നേതാക്കളും ആശയവിനിമയം നടത്തി. ഊർജ്ജം, പ്രതിരോധം, സാങ്കേതികവിദ്യ, നിക്ഷേപം, ആരോഗ്യം തുടങ്ങിയ മേഖലകളിൽ ഇന്ത്യ-യുഎഇ സമഗ്ര തന്ത്രപ്രധാന പങ്കാളിത്തം കൂടുതൽ ശക്തിപ്പെടുത്തുന്നതിനുള്ള പുതിയ നടപടികളെക്കുറിച്ചും ചർച്ച ചെയ്തു.

******************

## PM-ENVIRONMENT CONFERENCE

"പരിസ്ഥിതിയുടെയും കാലാവസ്ഥാ വ്യതിയാനങ്ങളുടെയും ഭാവി" എന്ന വിഷയത്തിൽ ദേശീയ ഹരിത ട്രൈബ്യൂണൽ സംഘടിപ്പിക്കുന്ന രണ്ട് ദിവസത്തെ അന്താരാഷ്ട്ര സമ്മേളനം പ്രധാനമന്ത്രി നരേന്ദ്ര മോദി നാളെ ന്യൂഡൽഹിയിൽ ഉദ്ഘാടനം ചെയ്യും. പരിസ്ഥിതി വിദഗ്ധർ, സുപ്രീം കോടതിയിലെയും ഹൈക്കോടതികളിലെയും ജഡ്ജിമാർ, വിവിധ മന്ത്രാലയസെക്രട്ടറിമാർ എന്നിവരെ കൂടാതെ 17 രാജ്യങ്ങളിൽ നിന്നുള്ള പ്രതിനിധികളും സമ്മേളനത്തിന്റെ ഭാഗമാകും.

*******************

## PM-ROZGAR MELA

ഇരുപതാമത്ത് റോസ്ഗർ മേളയുടെ ഭാഗമായി വിവിധ സർക്കാർ വകുപ്പുകളിൽ 51,000-ത്തിലധികം യുവാക്കൾക്കുള്ള നിയമന ഉത്തരവുകൾ പ്രധാനമന്ത്രി നരേന്ദ്ര മോദി നാളെ വീഡിയോ കോൺഫറൻസിംഗിലൂടെ വിതരണം ചെയ്യും. രാജ്യത്തുടനീളം 45 കേന്ദ്രങ്ങളിലായാണ് റോസ്ഗാർ മേള സംഘടിപ്പിക്കുന്നത്. കൊച്ചി കലൂരിലും പാലാരിവട്ടത്തും നടക്കുന്ന റോസ്ഗാർ മേളകളിൽ നാളെ കേന്ദ്രസഹമന്ത്രിമാരായ സുരേഷ് ഗോപിയും, ജയന്ത് ചൗധരിയും പങ്കെടുക്കും.

*******************

## RAJNATH SINGH (INTRO)

രാജ്യത്തിൻറെ സാംസ്കാരിക പൈതൃകത്തിലും അതിൻറെ വികസന യാത്രയിലും കേരളം നിർണായക പങ്കു വഹിച്ചതായി രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിങ്. ജന്മഭൂമി ദിനപത്രം സംഘടിപ്പിക്കുന്ന കോൺക്ലേവ് കൊച്ചിയിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. ജനാധിപത്യത്തിൽ മാധ്യമങ്ങൾക്ക് വലിയ ഉത്തരവാദിത്വവും പ്രാധാന്യവുമുണ്ടെന്നും രാജ്യരക്ഷാമന്ത്രി പറഞ്ഞു.

(ഹോൾഡ് വോയ്സ്......)

രാമകഥ ഭാരതത്തിൽ അവസാനിക്കുന്ന ഒന്നല്ലെന്നും, ഏഷ്യയിലുടനീളം ഇത് വ്യാപിച്ചിരിക്കുന്നതായും മന്ത്രി പറഞ്ഞു. ബിജെപി സംസ്ഥാന അധ്യക്ഷൻ രാജീവ് ചന്ദ്രശേഖർ,

ദേശീയ നിർവാഹക സമിതിയംഗം പി കെ കൃഷ്ണദാസ് തുടങ്ങിയവർ പങ്കെടുത്തു. മൂന്ന് ദിവസത്തെ കോൺക്ലേവ് ഞായറാഴ്ച സമാപിക്കും.

*******************

## REV. EAM BHUTAN JOINT STATEMENT

ഭൂട്ടാൻറെ വികസന ലക്ഷ്യങ്ങൾക്ക് ഇന്ത്യയുടെ പൂർണ്ണ പിന്തുണ ഉണ്ടാകുമെന്ന് ആവർത്തിച്ച് വിദേശകാര്യ മന്ത്രി എസ്. ജയശങ്കർ. ഭൂട്ടാൻ വിദേശകാര്യ മന്ത്രിയുമായി ശ്രീ ജയശങ്കർ ചർച്ച നടത്തി. പരസ്പര പ്രാധാന്യമുള്ള പ്രാദേശിക, അന്തർദ്ദേശീയ വിഷയങ്ങൾ ചർച്ച ചെയ്തു. ഭൂട്ടാനിലെ നിരവധി വികസന പദ്ധതികളും ഇരുവരും ചേർന്ന് ഉദ്ഘാടനം ചെയ്തു. ഭൂട്ടാൻ രാജാവ് ജിഗ്മെ ഖേസർ നാംഗ്യേൽ വാങ്ചുക്, ഭൂട്ടാൻ പ്രധാനമന്ത്രി ദാഷോ ഷെറിങ് തോബ്ഗെ എന്നിവരുമായും കേന്ദ്രമന്ത്രി കൂടിക്കാഴ്ച നടത്തി.

*******************

## MOODYS RATINGS

നടപ്പ് സാമ്പത്തിക വർഷത്തെ ഇന്ത്യയുടെ യഥാർത്ഥ ജി.ഡി.പി വളർച്ചാ പ്രവചനം 6 ശതമാനത്തിൽ നിന്ന് 7 ശതമാനമായി ഉയർത്തി ആഗോള ക്രെഡിറ്റ് റേറ്റിംഗ് ഏജൻസിയായ മൂഡീസ്. പശ്ചിമേഷ്യൻ സംഘർഷം മൂലമുണ്ടായ ആഗോള പ്രതിസന്ധികൾക്കിടയിലും ഇന്ത്യൻ സമ്പദ്‌വ്യവസ്ഥ ശക്തമായി തുടരുന്നു എന്നതിൻറെ തെളിവാണ് ഇതെന്ന് ഏജൻസി വ്യക്തമാക്കി. മറ്റ് ജി20 രാജ്യങ്ങളെക്കാളും വേഗത്തിൽ ഇന്ത്യ വളരുമെന്നും ഏജൻസി വിലയിരുത്തുന്നു.

*******************

## SWACHH SAGAR SURAKSHIT SAGAR

അന്താരാഷ്ട്ര തീരദേശ ശുചീകരണ ദിനാചരണത്തോട് അനുബന്ധിച്ച് സ്വച്ഛ് സാഗർ സുരക്ഷിത് സാഗർ കാമ്പെയ്ൻ്റെ ഭാഗമായി നാളെ രാജ്യവ്യാപകമായി കടൽത്തീരങ്ങളിൽ ശുചീകരണ യജ്ഞം നടക്കും. കൊച്ചി പുതുവൈപ്പിൻ ബീച്ചിൽ നടക്കുന്ന ശുചീകരണ പരിപാടികളിൽ ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ, മുഖ്യമന്ത്രി വി ഡി സതീശൻ തുടങ്ങിയവർ പങ്കെടുക്കും.

*******************

## HAL AIRCRAFT-RAJNATH

ഹിന്ദുസ്ഥാൻ എയറോനോട്ടിക്സ് ലിമിറ്റഡ് നിർമ്മിച്ച, HTT 40 ബേസിക് ട്രെയിനർ വിമാനങ്ങളും ലൈറ്റ് കോംബാറ്റ് എയർക്രാഫ്റ്റ് തേജസ് ഫൈനൽ ഓപ്പറേഷൻ ക്ലിയറൻസ് ട്വിൻ സീറ്റർ ട്രെയിനർ വിമാനങ്ങളും വ്യോമസേനയ്ക്ക് കൈമാറി. ബെംഗളൂരുവിൽ നടന്ന ചടങ്ങിൽ രാജ്യരക്ഷാമന്ത്രി രാജ്നാഥ് സിംഗ് പങ്കെടുത്തു. HTT-40 ബേസിക് ട്രെയിനർ വിമാനത്തിന് രാജ്യരക്ഷാമന്ത്രി അങ്കുർ' എന്ന് പേര് നൽകി. ഇതോടൊപ്പം പൊതുമേഖലാ സ്ഥാപനമായ പവൻ ഹാൻസ് ലിമിറ്റഡിന് ധ്രുവ് നെക്സ്റ്റ് ജനറേഷൻ ഹെലികോപ്റ്ററുകളും കൈമാറി.

********************

## SEVA SANKALP NITI AYOG

പ്രധാനമന്ത്രി നരേന്ദ്ര മോദി ഭരണ നേതൃത്വത്തിൽ 25 വർഷം പൂർത്തിയാക്കുന്നതിൻറെ ഭാഗമായി രാജ്യമെമ്പാടും സംഘടിപ്പിക്കുന്ന ഒരു മാസം നീളുന്ന സേവാ സങ്കൽപ് അഭിയാൻ പുരോഗമിക്കുന്നു. 'ജനസേവനത്തിലൂടെ രാഷ്ട്രസേവനം' എന്ന ആശയം മുൻനിർത്തി 2047-ഓടെ 'വികസിത ഭാരതം' കൈവരിക്കാനുള്ള പരിശ്രമങ്ങൾ അനാവരണം ചെയ്യുകയാണ് പരിപാടിയുടെ ലക്ഷ്യം.

'സേവാ സങ്കൽപ്പ് അഭിയാൻ' പ്രത്യേക പരമ്പരയിലൂടെ, നിതി ആയോഗിൻറെ കാഴ്ചപ്പാടുകളാണ് ഇന്ന് അവതരിപ്പിക്കുന്നത്. നയരൂപീകരണ സമിതിയായി രൂപകൽപ്പന ചെയ്യുകൊണ്ട്, 2015 ജനുവരി 1-നാണ് നിതി ആയോഗ് നിലവിൽ വന്നത്. കേന്ദ്രവും സംസ്ഥാനങ്ങളും ഒന്നിച്ച് പ്രവർത്തിക്കുന്നതിന് നിതി ആയോഗ് വേദിയൊരുക്കുന്നതായി പ്രധാനമന്ത്രി നരേന്ദ്ര മോദി നേരത്തെ പരാമർശിച്ചിരുന്നു. നിതി ആയോഗിന്റെ രൂപീകരണം സഹകരണാത്മക ഫെഡറലിസത്തെ ശക്തിപ്പെടുത്തുമെന്ന് നിതി ആയോഗ് മുൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ അമിതാഭ് കാന്ത് പറഞ്ഞു.

********************

## INDIA FIRST-CLIMATE SURVEY

സ്വീഡിഷ് ചേംബർ ഓഫ് കൊമേഴ്സ് ഇൻ ഇന്ത്യ നടത്തിയ ഏറ്റവും പുതിയ 'ബിസിനസ് ക്ലൈമറ്റ് സർവേയിൽ, മികച്ച

വ്യവസായ അന്തരീക്ഷത്തിൽ ഒന്നാം സ്ഥാനത്തെത്തി ഇന്ത്യ. കേന്ദ്ര മന്ത്രി പിയൂഷ് ഗോയൽ സമൂഹ മാധ്യമത്തിലൂടെ അറിയിച്ചതാണ് ഇക്കാര്യം. ആഗോളതലത്തിൽ അസ്ഥിരത നിലനിൽക്കുമ്പോഴും സ്ഥിരത, വളർച്ച, എന്നിവയിൽ ഇന്ത്യയുടെ വ്യവസായ അന്തരീക്ഷം ഉന്നതനിലവാരം നിലനിർത്തുന്നതായി അദ്ദേഹം പറഞ്ഞു.

*******************

## EC-TMC FACTIONS

തൃണമൂൽ കോൺഗ്രസിലെ ഇരുവിഭാഗങ്ങൾക്കും താൽകാലിക പേരുകളും ചിഹ്നങ്ങളും അനുവദിച്ച് തെരഞ്ഞെടുപ്പ് കമ്മീഷൻ. മമത ബാനർജി നയിക്കുന്ന ഔദ്യോഗിക വിഭാഗത്തിന് 'മമത ഓൾ ഇന്ത്യ തൃണമൂൽ കോൺഗ്രസ്' എന്ന പേരും ഫുട്ബോൾ കളിക്കാരൻ ചിഹ്നവുമാണ് അനുവദിച്ചത്. അരൂപ് റോയിയുടെ നേതൃത്വത്തിലുള്ള വിഭാഗത്തിന് 'ഡെമോക്രാറ്റിക് തൃണമൂൽ കോൺഗ്രസ്' എന്ന പേരും 'കവർ' ചിഹ്നവുമാണ് അനുവദിച്ചിട്ടുള്ളത്. ഇരു വിഭാഗങ്ങളും തമ്മിലുള്ള തർക്കത്തെത്തുടർന്ന് 'ഓൾ ഇന്ത്യ തൃണമൂൽ കോൺഗ്രസ്' എന്ന പേരും പാർട്ടി ചിഹ്നവും കഴിഞ്ഞ ദിവസം മരവിപ്പിച്ചിരുന്നു.

*******************

## MEA-BRIEFING(intro)

ചെങ്കടൽ മേഖലയിലെ സുരക്ഷാ സാഹചര്യത്തിൽ ആശങ്ക രേഖപ്പെടുത്തി ഇന്ത്യ. സൗദി അറേബ്യയുടെ പരമാധികാര പ്രദേശത്തിന് നേരെയുണ്ടായ ആക്രമണങ്ങളെയും ഇന്ത്യ അപലപിച്ചതായി വിദേശകാര്യ മന്ത്രാലയ വക്താവ് രൺധീർ ജയ്സ്വാൾ ന്യൂഡൽഹിയിൽ വാർത്താസമ്മേളനത്തിൽ പറഞ്ഞു. പാകിസ്ഥാൻ നാവികസേനാ കപ്പലും ഇന്ത്യൻ യുദ്ധക്കപ്പലും തമ്മിലുണ്ടായ കൂട്ടിയിടി സംബന്ധിച്ച പാകിസ്ഥാൻ ആരോപണങ്ങളെ ഇന്ത്യ തള്ളി. പടിഞ്ഞാറൻ അറബിക്കടലിൽ പതിവ് പട്രോളിംഗിൽ ആയിരുന്ന ഐഎൻഎസ് കൊൽക്കത്തയ്ക്ക് നേരെ പാകിസ്ഥാൻ നാവികസേനാ കപ്പലായ പിഎൻഎസ് ഹുനൈൻ നടത്തിയ നീക്കമാണ് കൂട്ടിയിടിക്ക് കാരണമായത്. 1991-ലെ ഇന്ത്യ-പാകിസ്ഥാൻ കരാറിൻറെ ലംഘനമാണിതെന്നും ശ്രീ ജയ്സ്വാൾ പറഞ്ഞു.

ഐഎൻഎസ് കൊൽക്കത്തയ്ക്ക് കാര്യമായ കേടുപാടുകൾ സംഭവിച്ചിട്ടില്ലെന്നും അദ്ദേഹം അറിയിച്ചു.
(ഹോൾഡ് വോയ്സ്.......)

*******************

## ASIAN GAMES OPENING CEREMONY

ജപ്പാനിൽ നാളെ നടക്കുന്ന ഏഷ്യൻ ഗെയിംസ് ഉദ്ഘാടന ചടങ്ങിൽ ഷൂട്ടിംഗ് താരം മനു ഭാക്കറും ഷോട്ട്പുട്ട് താരം തജീന്ദർപാൽ സിംഗ് ടൂറും ഇന്ത്യൻ പതാകയേന്തും. അതേസമയം, ഏഷ്യൻ ഗെയിംസ് വനിതാ ക്രിക്കറ്റിൽ ഇന്ത്യ ആതിഥേയരായ ജപ്പാനെ എട്ട് വിക്കറ്റിന് തോൽപ്പിച്ച് സെമിയിൽ കടന്നു. സെമിയിൽ ഞായറാഴ്ച ഇന്ത്യ ബംഗ്ലാദേശിനെ നേരിടും. അതിനിടെ, ഇന്ത്യൻ ടെക്ബോൾ താരം ക്വിൻസി ജോവാക്വിം ഡിസൂസ വനിതാ സിംഗിൾസിൽ സെമിഫൈനലിലെത്തി.

************************

## Ramesh Chennithala

ഓപ്പറേഷൻ തൂഫാൻ ശക്തിപ്പെടുത്തുന്നതിനായി സംസ്ഥാനത്ത് ആൻറി നാർകോട്ടിക്സ് ഇൻവെസ്റ്റിഗേഷൻ ടീമിന് രൂപം നൽകിയതായി ആഭ്യന്തര മന്ത്രി രമേശ് ചെന്നിത്തല. ഓപ്പറേഷൻ തൂഫാൻ നോഡൽ ഓഫീസറും നോർത്ത് റേഞ്ച് ഐ.ജിയുമായ പുട്ട വിമലാദിത്യയുടെ നേതൃത്വത്തിൽ
തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് യൂണിറ്റുകളായി ടീം പ്രവർത്തിക്കുമെന്നും അദ്ദേഹം
തിരുവനന്തപുരത്ത് മാധ്യമങ്ങളോട് പറഞ്ഞു. ലഹരിവിരുദ്ധ പ്രവർത്തനങ്ങൾ വാർഡ് തലങ്ങളിലേക്ക് വ്യാപിപ്പിക്കാൻ തദ്ദേശസ്വയംഭരണവകുപ്പുമായി ചേർന്ന് തൂഫാൻ ജനജാഗ്രതാ സമിതികൾ രൂപീകരിച്ച് വരികയാണെന്നും മന്ത്രി അറിയിച്ചു.

************************

******************

******